കാർഷിക വികസന കർഷകക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

**നം. ഒ ആന്റ് എം. (2) 775 / 2018** **തീയതി : 11.04.2018.**

പ്രേക്ഷിതൻ

ഡയറക്ടർ
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

സ്വീകർത്താവ്

കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും.

സർ,

വിഷയം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് — ഓൺലൈൻ ജനറൽ ട്രാൻസ്ഫർ — SPARK-ൽ Sanctioned Post കളുടെ എണ്ണം രേഖപ്പെടുത്തുന്നത് — സംബന്ധിച്ച് —

സൂചന:- (1) 20.03.2018-ലെ ഇതേ നമ്പർ സർക്കുലർ.
(2) 10.04.2018-ലെ ഇതേ നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ ഓൺലൈൻ ജനറൽ ട്രാൻസ്ഫർ നടത്തുന്നതിനുള്ള നടപടികൾ തുടർന്ന് വരികയാണ്. ഇതിന്റെ അടുത്ത നടപടിയായി SPARK-ൽ എല്ലാ ഓഫീസുകളിലേയും അനുവദനീയ തസ്തികകളുടെ (Sanctioned Post) എണ്ണം രേഖപ്പെടുത്തേണ്ടതുണ്ട്. ആയതിനായി SPARK-ലെ Service Matters എന്ന മെനുവിലെ Sanctioned Post എന്ന സബ്‌മെനു തിരഞ്ഞെടുത്ത് ഓഫീസ് സെലക്ട് ചെയ്ത ശേഷം ഓരോ തസ്തികകളായി സെലക്ട് ചെയ്ത് Sanctioned Strength, Actual Strength എന്നിവകളുടെ എണ്ണം രേഖപ്പെടുത്തി Confirm ചെയ്യുക. തസ്തികകൾ കേഡർ പ്രകാരം തരം തിരിച്ച് ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. അപ്രകാരം കേഡർ ചെയ്യപ്പെട്ട തസ്തികകൾ എല്ലാം കൂടിയുള്ള എണ്ണമാണ് Sanctioned Post ആയി രേഖപ്പെടുത്തേണ്ടത്. ഉദാഹരണമായി U.D.Typist, Selection Grade Typist, Senior Grade Typist എന്നിവ

എല്ലാം തന്നെ U.D. Typist എന്ന കേഡർ ചെയ്തിട്ടുണ്ട്. ആയതിനാൽ U.D. Typist ന്റെ എണ്ണം രേഖപ്പെടുത്തുമ്പോൾ ഈ മൂന്ന് തസ്തികകളുടെയും ആകെ എണ്ണമാണ് രേഖപ്പെടുത്തേണ്ടത്. എല്ലാ ഓഫീസുകളിലേയും എല്ലാ തസ്തികകളുടെയും എണ്ണം ശരിയായി രേഖപ്പെടുത്തിയാൽ മാത്രമേ ഓൺലൈൻ ജനറൽ ട്രാൻസ്ഫറിന് അപേക്ഷ ക്ഷണിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 13.04.2018-ന് വൈകുന്നേരം 3 മണിയ്ക്ക് മുമ്പായി തന്നെ എല്ലാ DDO മാരും ആവരുടെ ഓഫീസുകളിലെ അനുവദനീയ തസ്തിക (Sanctioned Post) SPARK-ൽ രേഖപ്പെടുത്തി വിവരം അതാത് ജില്ലകളിലെ നോഡൽ ഓഫീസറിനെ അറിയിക്കേണ്ടതും നോഡൽ ഓഫീസർമാർ ക്രോഡീകരിച്ച റിപ്പോർട്ട് ഈ ഓഫീസിലേക്ക് agritransfer2018@gmail.com എന്ന e-mail വിലാസത്തിൽ അറിയിക്കേണ്ടതുമാണ്. ഓൺലൈൻ ജനറൽ ട്രാൻസ്ഫർ സംബന്ധിച്ച എല്ലാ e-mail-കളും agritransfer2018@gmail.com എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ സമയ ക്ലിപ്തത പാലിക്കുവാൻ എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും, നോഡൽ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓൺലൈൻ ജനറൽ ട്രാൻസ്ഫർ സംബന്ധിച്ച് സാങ്കേതിക സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പരുകളും ചുവടെ ചേർക്കുന്നു.

(1) ഓഫീസ് നമ്പർ - 0471-2303990, 2309122
(2) ശ്രീ. നിസാം. എസ്.എ., കൃഷി അസിസ്റ്റന്റ് ഡയറക്ടർ - 8547395490
(3) ശ്രീ. സലിൻ തപസി, കൃഷി ഓഫീസർ - 9447754263
(4) ശ്രീ. ബിനുകമാർ. എ.എൽ., സീനിയർ ക്ലാർക്ക് (ഹ.ഗ്രേ.) - 9446816289

വിശ്വസ്തതയോടെ,

കാർഷിക വികസന കർഷകക്ഷേമ
വകുപ്പ് ഡയറക്ടർക്കുവേണ്ടി

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

പകർപ്പ്:- ഈ ഓഫീസിലെ എല്ലാ സർവ്വീസ് സെക്ഷൻ തലവൻമാർക്കും. (ഈ ഓഫീസിലെ Sanctioned Strength ഉം Actual Strength ഉം SPARK-ൽ രേഖപ്പെടുത്തേണ്ടതാണ്.)